2009 ആഗസ്റ്റ് 2
ഞായർ

# സിറാജ്

■ പുസ്തകം 26 ■ ലക്കം 207 ■ പേജ് 12 ■ വില 4.00 SINCE 1984 www.sirajnews.com



യൂണിറ്റി
അലൂമിനിയം & അലൈഡ്സ്
Opp: ജുമാമസ്ജിദ്,
ചങ്കുവെട്ടി–കോട്ടക്കൽ
Ph: 0483-2744615, 3258969, 9447477433


# ശിഹാബ് തങ്ങൾ അന്തരിച്ചു



## ● ഖബറടക്കം ഇന്ന് മൂന്ന് മണിക്ക് പാണക്കാട് ജുമുഅ മസ്ജിദ് ഖബർസ്ഥാനിൽ

## ● വിയോഗം ഇന്നലെ രാത്രി 8.45ന് മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ

**മലപ്പുറം:** നാലര പതിറ്റാണ്ടു കാലം കേരള രാഷ്ട്രീയത്തിലെ സൗമ്യ സാന്നിധ്യമായിരുന്ന മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റും ആത്മീയ നേതാവുമായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരിച്ചു. 73 വയസ്സായിരുന്നു. ഇന്നലെ രാത്രി 8.45 ന് മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഹൃദയാഘാതമാണ് മരണകാരണം. ഖബറടക്കം ഇന്ന് വൈകിട്ട് മൂന്നിന് പാണക്കാട് ജുമുഅ മസ്ജിദ് ഖബർസ്ഥാനിൽ നടക്കും.

മരണസമയത്ത് മകൻ മുനവ്വറലി ശിഹാബ് തങ്ങൾ, മുസ്ലിം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ സമീപത്തുണ്ടായിരുന്നു. വർഷങ്ങളായി പ്രമേഹമുൾപ്പെടെയുള്ള രോഗങ്ങൾക്ക് ചികിത്സയിലായിരുന്നു. ഇന്നലെ പുലർച്ചെ മൂന്നേ കാലോടെ വുസൂഅ് ചെയ്യവെ കുളിമുറിയിൽ തെന്നിവീഴുകയായിരുന്നു. ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചു.

വീഴ്ചയിൽ ചുണ്ടിന് ചെറിയ മുറിവ് പറ്റിയിരുന്നു. മുറിവ് തുന്നിക്കെട്ടിയ ശേഷം വിശ്രമത്തിനായി ആശുപത്രിയിലാക്കി. ഇന്നലെ രാത്രി എട്ടരയോടെ ക്ഷീണം തോന്നുന്നതായി തങ്ങൾ അറിയിച്ചതിനെത്തുടർന്ന് നിരീക്ഷണത്തിനായി അത്യാഹിത വിഭാഗത്തിലേക്ക് മാറ്റി. തുടർന്ന് ഹൃദയാഘാതമുണ്ടാവുകയും എട്ടേ മുക്കാലോടെ മരണം സംഭവിക്കുകയുമായിരുന്നു. ദീർഘ കാലമായി പ്രമേഹം രോഗം അലട്ടിയിരുന്ന തങ്ങൾ രണ്ട് വർഷം മുമ്പ് യിരുന്നു. മരണ വിവരം അറിഞ്ഞതിനെത്തുടർന്ന് നാടിന്റെ നാനാ ഭാഗത്ത് നിന്നുമായി ആയിരങ്ങൾ പാണക്കാട്ട് കൊടപ്പനക്കൽ തറവാട്ടിലേക്ക് ഒഴുകിയെത്തി. മലപ്പുറം – വേങ്ങര റോഡിൽ പൂർണ്ണമായും ഗതാഗതം സ്തംഭിച്ചു. ഖബറടക്ക ചടങ്ങിൽ പങ്കെടുക്കാനായി രാഷ്ട്രീയ, സാമൂഹിക, ആത്മീയ രംഗത്തെ പ്രമുഖർ ഇന്ന് പാണക്കാട്ടെത്തും.

കഴിഞ്ഞ മുപ്പത്തിമൂന്ന് വർഷമായി മുസ്ലിം ലീഗിന്റെ സംസ്ഥാനപ്രസിഡന്റ് പദവി അലങ്കരിക്കുകയായിരുന്നു ശിഹാബ് തങ്ങൾ. മുസ്ലിം ലീഗ് മുൻ സംസ്ഥാന പ്രസിഡന്റ് പി എം എസ് എ പൂക്കോയ തങ്ങളുടെ മകനായി 1936 മെയ് നാലിനാണ് ശിഹാബ് തങ്ങൾ ജനിച്ചത്. അലവിയ്യ കുഞ്ഞിബീവിയാണ് മാതാവ്. പാണക്കാട് ഡി എം ആർ ടി സ്കൂൾ, കോഴിക്കോട് എം എം ഹൈസ്കൂൾ എന്നിവടങ്ങളിൽ നിന്ന് സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ തങ്ങൾ 1953 മുതൽ 1958 വരെ തോഴന്നൂർ, തലക്കടത്തൂർ എന്നീ ദർസുകളിൽ നിന്ന് മതപഠനവും പൂർത്തിയാക്കി. 1958-ൽ ലോകപ്രശസ്തമായ ഈജിപ്തിലെ അൽ-അസ്ഹർ സർവകലാശാലയിൽ ചേർന്നു. മൂന്ന് വർഷത്തെ പഠനം കൊണ്ട് ഇസ്ലാമിക വിജ്ഞാനീയത്തിൽ ഉന്നത ബിരുദം കരസ്ഥമാക്കി.

1961 മുതൽ 1966 വരെ കൈറോ യൂണിവേഴ്സിറ്റിയിൽ പഠനം നടത്തി. ചരിത്രഗവേഷണത്തോടൊപ്പം അറബി സാഹിത്യത്തിൽ മാസ്റ്റർ ബിരുദവും നേടി



▲ *ശിഹാബ് തങ്ങളുടെ മയ്യിത്ത് ഇന്നലെ പാണക്കാട്ടെ വസതിയിലെത്തിച്ചപ്പോൾ സഹോദരൻ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, പി കെ കുഞ്ഞാലിക്കുട്ടി,*

### മദ്റസകളിൽ പ്രാർഥന നടത്തുക

**കോഴിക്കോട്:** പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മഗ്ഫിറത്തിനു വേണ്ടി എല്ലാ മദ്റസകളിലും പ്രത്യേക പ്രാർഥന നടത്തണമെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റ് താജുൽ ഉലമ സയ്യിദ് അബ്ദുർറഹ്മാൻ അൽ ബുഖാരി ഉള്ളാൾ, ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്ലിയാർ, സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റ് എം എ അബ്ദുൽ ഖാദിർ മുസ്ലിയാർ, എസ് എം എ സംസ്ഥാന പ്രസിഡന്റ് സയ്യിദ് ഇബ്റാഹീമുൽ ഖലീലുൽ ബുഖാരി, എസ് വൈ എസ് സംസ്ഥാന പ്രസിഡന്റ് പൊന്മള അബ്ദുൽ ഖാദിർ മുസ്ലിയാർ, ജനറൽ സെക്രട്ടറി പേരോട് അബ്ദുർറഹ്മാൻ സഖാഫി എന്നിവർ അഭ്യർഥിച്ചു


പേജ് 5 >>
▶ കൊടപ്പനക്കലിൽ നിന്ന് രാജ്യത്തോളം
▶ പക്വമായ സമീപനത്തിലൂടെ

# ദുരന്തങ്ങളിൽ പതറാതെ

കോഴിക്കോട്: വ്യക്തി ജീവിതത്തിലെ ദുരന്തങ്ങളെ പതറാതെ നേരിട്ടിരുന്നു ശിഹാബ് തങ്ങൾ. ഭാര്യ ശെരീഫ ഫാത്തിമ ബീവി മരിക്കുമ്പോൾ അമേരിക്കയിൽ ചികിത്സയിലായിരുന്നു അദ്ദേഹം. നാൽപ്പതു വർഷത്തോളം ജീവിതത്തിൽ താങ്ങായിരുന്ന ബീവിയുടെ മരണം അദ്ദേഹത്തിന് താങ്ങാനാവുമായിരുന്നില്ല. അതുകൊണ്ടുതന്നെ ഇക്കാര്യം അദ്ദേഹത്തെ അറിയിച്ചിരുന്നില്ല. ചികിത്സ കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയപ്പോഴാണ് ഇക്കാര്യം അറിയിച്ചത്. തങ്ങളെ എങ്ങനെ ഇക്കാര്യം അറിയിക്കുമെന്നത് ബന്ധുക്കൾക്കും പാർട്ടി നേതാക്കൾക്കും വലിയ പ്രശ്നമാണ് സൃഷ്ടിച്ചത്. ഒടുവിൽ മകളുടെ ഭർത്താവാണ് അതിന് മുതിർന്നത്. കരിപ്പൂർ വിമാനത്താവളത്തിൽ വെച്ച്. തന്റെ ദുഃഖം അദ്ദേഹം അപ്പോഴും പുറത്തറിയിച്ചില്ല. നേരെ ഖബറിടത്തിലേക്ക്. പ്രിയതമക്ക് വേണ്ടി പ്രാർഥിച്ച് അദ്ദേഹം മടങ്ങി. പാർട്ടിയുടെ കാര്യങ്ങളുടെ തിരക്കിലേക്ക്. കാരണം അദ്ദേഹം അമേരിക്കയിൽ ചികിത്സയിലിരിക്കെയാണ് മലപ്പുറം ജില്ലയിലെ മുസ്‌ലിം ലീഗിന്റെ കോട്ടകളായിരുന്ന നിയമസഭാ മണ്ഡലങ്ങളിലെല്ലാം പാർട്ടി തോറ്റത്. പാർട്ടിയെ ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിക്കുകയായിരുന്നു ആദ്യത്തെ ലക്ഷ്യം. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ മലപ്പുറത്തും പൊന്നാനിയിലും വൻ വിജയം ലീഗ് നേടിയപ്പോൾ മറ്റൊരു ദൗത്യം കൂടി പൂർത്തിയാവുകയായിരുന്നു. വ്യക്തി ജീവിതത്തിലെ ഒറ്റപ്പെടൽ വേട്ടയാടിയപ്പോഴാണ് 2008ൽ രണ്ടാം വിവാഹത്തിന് അദ്ദേഹം തയ്യാറായത്. അങ്ങനെയാണ് ആഇശാ ബീവിയെ ശിഹാബ് തങ്ങൾ നിക്കാഹ് ചെയ്തത്.

## നഷ്ടമായത് സുസമ്മതനായ നേതാവ്: കാന്തപുരം

കോഴിക്കോട്: സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സുസമ്മതനും നന്മകൾ നിറഞ്ഞ മത പണ്ഡിതനുമായിരുന്നുവെന്ന് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു. തന്റെ രാഷ്ട്രീയ പാർട്ടിയോടും മറ്റു രാഷ്ട്രീയ പാർട്ടികളോടും പ്രതിയോഗികളോടും സമാധാനത്തോടെയും സ്നേഹത്തോടെയും പെരുമാറിയിരുന്ന വ്യക്തിയായിരുന്നു. കാര്യങ്ങൾ അങ്ങേയറ്റം ദീർഘവീക്ഷണത്തോടെ കൈകാര്യം ചെയ്യാൻ പ്രാപ്തനായ നേതാവിനെയാണ് സമുദായത്തിനും രാജ്യത്തിനും നഷ്ടമായത്. സുന്നികളുടെ ഐക്യത്തിന് വേണ്ടി അതിയായ ആഗ്രഹം പ്രകടിപ്പിക്കുകയും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. പകരം വെക്കാനാവാത്ത സമുന്നതനായ നേതാവിനെയാണ് നഷ്ടമായത്. തന്റെയും പ്രസ്ഥാനത്തിന്റെയും അനുശോചനം ഭാര്യ, മക്കൾ, സഹോദരൻമാർ എന്നിവരെ അറിയിക്കുന്നുവെന്ന കാന്തപുരം പറഞ്ഞു.

## കനത്ത നഷ്ടം: ഉള്ളാൾ തങ്ങൾ

കോഴിക്കോട്: ശിഹാബ് തങ്ങളുടെ വിയോഗം കനത്ത നഷ്ടമാണെന്ന് താജുൽ ഉലമ സയ്യിദ് അബ്ദുർ റഹ്മാൻ അൽ ബുഖാരി പറഞ്ഞു. ഐക്യത്തിന് വേണ്ടി പ്രവർത്തിക്കുകയും സുന്നികൾ ഒരുമിച്ച് പോകണമെന്ന് ആഗ്രഹിക്കുകയും ചെയ്ത നേതാവായിരുന്നു തങ്ങളെന്ന് അദ്ദേഹം ഓർമിച്ചു. അദ്ദേഹത്തിന്റെ നഷ്ടം കേരള സമൂഹത്തിന് പൊതുവെയും മുസ്‌ലിം സമൂഹത്തിന് പ്രത്യേകിച്ചും നികത്താനാകാത്തതാണ്.



# പക്വമായ സമീപനത്തിലൂടെ



തിരുവനന്തപുരം: കേരളരാഷ്ട്രീയത്തിലെ നിറഞ്ഞ സാന്നിധ്യമായിരുന്നു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ. മുസ്‌ലിം ലീഗിന്റെ സംസ്ഥാന നേതൃസ്ഥാനത്തെത്തിയത് മുതൽ കേരളരാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ തങ്ങളുടെ സ്ഥാനം നിർണായകമായിരുന്നു. യു ഡി എഫിലെ മുഖ്യകക്ഷി മുസ്‌ലിംലീഗ് അല്ലാതിരുന്നിട്ട് പോലും പല സുപ്രധാന തീരുമാനങ്ങളുടെയും അന്തിമവാക്ക് തങ്ങളെ ആശ്രയിച്ചായിരുന്നതിന് പിന്നിൽ ഈ നേതൃപാടവമായിരുന്നു. മുന്നണി ബന്ധത്തിന് ഉലച്ചിൽ തട്ടിയ നിർണ്ണായക ഘട്ടങ്ങളിൽ പോലും തങ്ങൾ സ്വീകരിച്ച നിലപാടുകൾ ശത്രുക്കളെ പോലും അമ്പരപ്പിച്ചു.

അധികാര രാഷ്ട്രീയത്തോട് എന്നും മുഖം തിരിഞ്ഞ് നിന്ന രാജ്യത്തെ തന്നെ അപൂർവ്വം നേതാക്കളിൽ ഒരാളായിരുന്നു തങ്ങൾ. അധികാരം വേണമെന്ന് മനസ് കൊണ്ട് ആഗ്രഹിച്ചിരുന്നെങ്കിൽ വെട്ടിപിടിപ്പിക്കാൻ കഴിയുമായിരുന്ന കസേരകൾ ചെറുതല്ല. വിമർശനങ്ങളുടെ ശൈലി ഏതുരീതിയിലായിരുന്നെങ്കിലും തങ്ങളുടെ പ്രതികരണം ഒരു രീതിയിലായിരുന്നു. ശത്രുതയോടെ പ്രതികരിക്കുന്നതിനെ ശാന്തമായി നേരിട്ടു. വൈകാരികമായ പ്രശ്നങ്ങളെ പക്വതയോടെ സമീപിച്ചു. കേരളരാഷ്ട്രീയം തലസ്ഥാനത്ത് തമ്പടിച്ചപ്പോഴും തർക്കങ്ങളുണ്ടായ കാലങ്ങളിൽ തീരുമാനങ്ങൾക്കായി നേതാക്കൾ പാണക്കാട് ഗ്രാമത്തിലെ കൊടപ്പനക്കൽ തറവാട് ലക്ഷ്യം വെച്ചതിന് പിന്നിൽ തങ്ങളുടെ നേതൃപാടവമായിരുന്നു.

മുന്നണി ബന്ധങ്ങളിൽ ഉലച്ചിൽ തട്ടിയ കാലങ്ങളിൽ കോൺഗ്രസിൽ നിന്ന് അൽപം അകന്നെങ്കിലും എടുത്തുചാടിയുള്ള ഒരു തീരുമാനത്തിന് തങ്ങൾ മുതിർന്നില്ല. പ്രതിസന്ധി നേരിട്ട കാലങ്ങളിലെല്ലാം തങ്ങളുടെ വാക്കിനായി നേതാക്കൾ കൊതിച്ചു. ലീഗ് രാഷ്ട്രീയം പ്രതിസന്ധി നേരിട്ടപ്പോഴും പോംവഴി കണ്ടെത്തുക കൊടപ്പനക്കൽ തറവാട്ടിന് വലിയകാര്യമായില്ല. നേതാക്കൾ എത്ര ഉന്നതരായാലും മലബാറിലെത്തിയാൽ കൊടപ്പനക്കൽ തറവാട് മറന്ന് സഞ്ചരിക്കാൻ മടിച്ചതിന് പിന്നിൽ തങ്ങളോടുള്ള ഇന്ത്യൻരാഷ്ട്രീയത്തിന്റെ ഊഷ്മളബന്ധമായിരുന്നു. മലപ്പുറത്ത് എത്തുന്ന നേതാക്കൾ ആരായിരുന്നാലും ഉച്ചഭക്ഷണം കൊടപ്പനക്കൽ തറവാട്ടിൽ നിന്നായതും ഈ ബന്ധത്തിൽ നിന്ന് തന്നെ.

തർക്കങ്ങൾ സർവ്വസാധാരണമായിരുന്ന യു ഡി എഫ് രാഷ്ട്രീയത്തിന് പ്രതിസന്ധി ഘട്ടങ്ങളിൽ തുണയായി നിൽക്കാൻ തങ്ങൾക്കായി. മുന്നണി ബന്ധം തകരുമെന്ന ഘട്ടത്തിൽ പോലും നല്ലപരിഹാരം കണ്ട് പ്രശ്നങ്ങൾ രമ്യതയിലെത്തിച്ചു. യോഗങ്ങളിൽ തർക്കം മുറുകുമ്പോഴും അവസാനവാക്ക് തങ്ങളിൽ നിന്നുണ്ടാവട്ടെയെന്ന ധാരണയിലെത്താൻ ആർക്കും എതിർപ്പുണ്ടായില്ല.

ന്യൂനപക്ഷ താൽപര്യം സംരക്ഷിക്കുന്നതിന് ധിഷണപരമായ നേതൃത്വം നൽകിയപ്പോഴും പൊതുസമൂഹത്തിന്റെ വാക്കുകൾ മുഖവിലക്കെടുത്തുകൊണ്ടായിരുന്നു തീരുമാനങ്ങൾ. മതാധിഷ്ഠിതമായി നിലനിന്ന് കൊണ്ട് തന്നെ മതേതരമുഖം നൽകിയുള്ള തീരുമാനമായിരുന്നു തങ്ങളിൽ നിന്നുണ്ടായത്.

മുസ്‌ലിംരാഷ്ട്രീയത്തിലും തങ്ങളുടെ സ്വാധീനം ഏറെ ആഴത്തിലുള്ളതാണ്. രണ്ടുതവണ പിളർപ്പിനെ നേരിട്ട ലീഗിനെ ഉയിർത്തെഴുന്നേൽപ്പിക്കാൻ തങ്ങളുടെ സ്വാധീനത്തിന് കഴിഞ്ഞു. ചർച്ചകൾക്കായി മുസ്‌ലിംലീഗ് യോഗങ്ങൾ ചേരാറുണ്ടെങ്കിലും തീരുമാനം തങ്ങൾക്ക് വിടുന്ന പതിവ് ആ നേതൃത്വത്തിലുള്ള പ്രതീക്ഷയിലായിരുന്നു. ഏറ്റവും ഒടുവിൽ മഞ്ചേരി പാർലമെന്റ് സീറ്റിലുണ്ടായ കനത്ത തോൽവിയും പിന്നീട് നിയമസഭാ തിരഞ്ഞെടുപ്പിലുണ്ടായ കനത്ത തിരിച്ചടിക്കും ശേഷം ഇക്കഴിഞ്ഞ ലോക്സഭാതിരഞ്ഞെടുപ്പിൽ ഉയർത്തെഴുന്നേൽപ്പ് സാധ്യമാക്കിയാണ് ഷിഹാബ് തങ്ങൾ വിടചൊല്ലിയിരിക്കുന്നത്.

## സുന്നി നേതാക്കൾ അനുശോചിച്ചു

കോഴിക്കോട്: അരനൂറ്റാണ്ടിലേറെക്കാലം മുസ്‌ലിം ന്യൂനപക്ഷ രാഷ്ട്രീയത്തിന് നേതൃത്വം നൽകുക വഴി രാഷ്ട്രപുനർനിർമാണ പ്രക്രിയയിൽ സജീവ സാന്നിധ്യമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ തികഞ്ഞ മതപണ്ഡിതനും മുസ്‌ലിം സമുദായ നേതാവുമായിരുന്നുവെന്ന് സമസ്ത കേരള ജം ഇയ്യത്തുൽ ഉലമ നേതാക്കൾ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

തങ്ങളുടെ മരണം രാജ്യത്തിനും സമുദായത്തിനും തീരാനഷ്ടമാണ്. സൗമ്യനും ശാന്തശീലനുമായിരുന്ന തങ്ങൾ ന്യൂനപക്ഷ രാഷ്ട്രീയ നേതൃത്വം അലങ്കരിക്കുമ്പോൾ തന്നെ രാജ്യത്തെ എല്ലാ വിഭാഗങ്ങളുടെയും പ്രശംസ പിടിച്ചുപറ്റിയെന്നത് തങ്ങളുടെ വ്യക്തിപ്രഭാവ വൈശിഷ്ട്യവും സത്സ്വഭാവവുമാണ് തെളിയിക്കുന്നത്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമത്തും നൽകി പരലോക ജീവിതം സ്വർഗീയപൂരിതമാക്കട്ടെയെന്ന് സമസ്ത കേരള ജം ഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സയ്യിദ് അബ്ദുർ റഹ്മാൻ അൽ ബുഖാരി ഉള്ളാൾ, ജനറൽ സെക്രട്ടറി കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ, സുന്നി വിദ്യാഭ്യാസ ബോർഡ് പ്രസിഡന്റ് എം എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ, സമസ്ത സെക്രട്ടറി കെ പി ഹംസ മുസ്‌ലിയാർ ചിത്താരി, എസ് വൈ എസ് സംസ്ഥാന പ്രസിഡന്റ് പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ, ജനറൽ സെക്രട്ടറി പേരോട് അബ്ദുർറ'ഹ്മാൻ സഖാഫി, ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി, എസ് എം എ പ്രസിഡന്റ് സയ്യിദ് ഇബ്റാഹീം ഖലീലുൽ ബുഖാരി, ജനറൽ സെക്രട്ടറി പാറന്നൂർ പി പി മുഹ്‌യിദ്ദീൻകുട്ടി മുസ്‌ലിയാർ എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.





## മുഖ്യമന്ത്രി അനുശോചിച്ചു

തിരുവനന്തപുരം: മുസ്‌ലിം ലീഗ് അധ്യക്ഷൻ പാണക്കാട് ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അനുശോചനം രേഖപ്പെടുത്തി. കേരളത്തിൽ മത സൗഹാർദം കാത്തുസൂക്ഷിക്കാൻ ശിഹാബ് തങ്ങൾ വഹിച്ച പങ്ക് അവിസ്മരണീയമാണ്. പതിറ്റാണ്ടുകളായി കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ രംഗത്ത് നിറഞ്ഞു നിന്ന അദ്ദേഹത്തിന്റെ അപ്രതീക്ഷിത വേർപ്പാടിൽ അദ്ദേഹം അഗാധമായ ദുഃഖം രേഖപ്പെടുത്തി.

## എസ് എസ് എഫ് സംസ്ഥാന സെക്രട്ടേറിയറ്റ് അനുശോചിച്ചു

കോഴിക്കോട്: മതഭൗതിക രംഗങ്ങളിൽ നിഷ്കളങ്കമായ സേവനമുദ്ര പതിപ്പിച്ച വ്യക്തിയായിരുന്നു തങ്ങളെന്നും പ്രസിദ്ധമായ അഹ്‌ലുമുബൈത്തിന്റെ കുടുംബ മഹിമ നിലനിർത്തിക്കൊണ്ടു തന്നെ പൊതു പ്രവർത്തന രംഗത്ത് സേവനം ചെയ്തിരുന്ന മാതൃകാ വ്യക്തിത്വമായിരുന്നു തങ്ങൾ.

തങ്ങളുടെ വിയോഗത്തിൽ എസ് എസ് എഫ് സംസ്ഥാന നേതാക്കൾ അനുശോചിച്ചു.

1430 ശഅബാൻ 11 | 1184 കർക്കിടകം 17

സിറാജ്

## മാഞ്ഞുപോയത് സൗമ്യസാന്നിദ്ധ്യം

പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരിച്ചു. ഇന്നാ ലില്ലാഹി.... സാത്വികനും സംശുദ്ധനുമായ ഒരു നേതാവായിരുന്നു അദ്ദേഹം. മൂന്ന് പതിറ്റാണ്ടിലേറെ കാലം മുസ്‌ലിം രാഷ്ട്രീയ കേരളത്തിന് ഉജ്ജ്വല നേതൃത്വം നൽകിയ ശിഹാബ് തങ്ങൾ അധികാര രാഷ്ട്രീയത്തിന്റെ നാലയലത്ത് എത്തിനോക്കുക പോലും ചെയ്തിട്ടില്ലെന്നത് അദ്ദേഹത്തിന്റെ സാത്വികതക്കും സംശുദ്ധതക്കും മികച്ച തെളിവാണ്. മുസ്‌ലിംലീഗിന്റെ വളർച്ചയിൽ ശിഹാബ് തങ്ങൾ വഹിച്ച പങ്ക് അനിഷേധ്യമാണ്.

1975ൽ ഒരു നിർണായക ഘട്ടത്തിലാണ് അദ്ദേഹം സംസ്ഥാന മുസ്‌ലിം ലീഗിന്റെ അധ്യക്ഷ പദവി ഏറ്റെടുക്കുന്നത്. പിതാവ് പൂക്കോയ തങ്ങളുടെ വിയോഗാനന്തരം ഈ പദവി ഏറ്റെടുക്കുമ്പോൾ അദ്ദേഹം രാഷ്ട്രീയത്തിൽ ഒരു പുതുമുഖമായിരുന്നു. എങ്കിലും തഴക്കം ചെന്ന രാഷ്ട്രീയ നേതാവിനെപ്പോലെ അദ്ദേഹം പാർട്ടിയെ മുന്നോട്ട് നയിച്ചു.

ബാബ്‌രി മസ്ജിദ് തകർക്കപ്പെട്ട വേളയിൽ ലീഗ് ഒരു വൻ പ്രതിസന്ധിയെ ആണ് അഭിമുഖീകരിച്ചിരുന്നത്. മുസ്‌ലിം ഇന്ത്യയുടെ ആത്മാഭിമാനത്തിന്റെ ചിഹ്നമായിരുന്ന ബാബ്‌രിയുടെ തകർച്ചക്ക് കൂട്ടു നിന്ന കോൺഗ്രസുമായുള്ള ബന്ധം. മുസ്‌ലിംലീഗ് അവ

# ആർജവവും സ്വന്തമായ കാഴ്ചപ്പാടുമുള്ള നേതാവ്

**വി ആർ കൃഷ്ണയ്യർ**

ശിഹാബ് തങ്ങളെ സംബന്ധിച്ചിടത്തോളം മറ്റുള്ള കൂട്ടരുമായി സൗഹാർദം കാംക്ഷിച്ച ആളാണ്. കേരളത്തിന്റെ വിജയകരമായ മത ബഹുസ്വരതക്ക് അതൊരു വലിയ കൈമുതലാണ്. ദുഷിച്ചുപോയ രാഷ്ട്രീയത്തിൽ നിന്നും വർഗീയ സ്പർധകളിൽ നിന്നും വിമുക്തമായി ഉന്നതമായ ധാർമിക ബോധം പുലർത്തുന്നതാണ്, സയ്യിദ് ശിഹാബ് തങ്ങൾക്ക് മഹനീയ സ്ഥാനങ്ങൾ ലഭിക്കുവാൻ കാരണം.

മതതത്വങ്ങൾക്കനുസൃതമായി ജീവിക്കുന്ന മാന്യവ്യക്തിയും, രാഷ്ട്രീയ നേതാവുമായ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെ ഞാൻ ബഹുമാനിക്കുന്നു. ആർജവത്തിന്റെയും വിനയത്തിന്റെയും പേരിൽ ഞാൻ അദ്ദേഹത്തെ ആദരവിന്റെ ഔന്നിത്യത്തിൽ പ്രതിഷ്ഠിക്കുന്നു.

കറുത്ത പുള്ളി വീഴാത്ത വ്യക്തികളെ രാഷ്ട്രീയത്തിൽ കാണുക എളുപ്പമല്ല. അദ്ദേഹത്തിന്റെ മുൻഗാമിയായ മഹാനായ സയ്യിദ് ബാഫഖി തങ്ങൾ സംശുദ്ധനായിരുന്നു. സ്വന്തം പ്രവൃത്തികളിൽ സുതാര്യത പുലർത്തുകയും മത നേതാവെന്ന നിലയിലുള്ള തന്റെ കർമങ്ങളിലെല്ലാം നന്മ നിലനിർത്തുകയും ചെയ്ത വ്യക്തിയാണദ്ദേഹം. മുൻഗാമിയുടെ കാലടിപ്പാടുകൾ പിന്തുടർന്നുകൊണ്ട് മുഹമ്മദലി ശിഹാബ് തങ്ങളും ധാർമികമായി ഉന്നത നിലവാരം പുലർത്തി. തത്വാധിഷ്ഠിതമായ ചില കാരണങ്ങളാൽ മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയത്തോട് യോജിക്കാതിരിക്കുമ്പോൾ തന്നെ, ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കേണ്ട ആവശ്യകതയെ ഞാൻ വിലമതിക്കുന്നു. അവരുടെ സംസ്കാരം നിലനിർത്തിക്കൊണ്ടും ജനാധിപത്യ മാർഗങ്ങളിലൂടെ വികസനം കൈവരിച്ചുകൊണ്ടുമാണ് ഇത് സാധിക്കേണ്ടത്.

തീർച്ചയായും ജനാധിപത്യത്തിന്റെ വിജയം അളക്കേണ്ടത് ന്യൂനപക്ഷ സമുദായങ്ങളോടും ന്യൂനപക്ഷ മണ്ഡലങ്ങളിലെ വിവിധ വിഭാഗങ്ങളോടും ഉദാരമായും സമത്വപൂർവമായും പെരുമാറുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. വ്യത്യസ്ത മത സമുദായങ്ങൾ സ്നേഹത്തോടെയും സൗഹൃദത്തോടെയും പെരുമാറുന്ന സമൂഹത്തിന്റെ താളപ്പൊരുത്തത്തെ ആശ്രയിച്ചു നിൽക്കുന്നു, അതിന്റെ സാംസ്കാരികമായ ഔന്നത്യം സഹിഷ്ണുതയുടെ ശത്രുവാണ് മതഭ്രാന്ത്. ഇന്ത്യ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും സൊരാസ്ത്രിയർക്കും ഗോത്രവർഗക്കാർക്കുമെല്ലാം തുല്യമായി അവകാശപ്പെട്ടതാണ് എന്ന് നാം അംഗീകരിച്ചാൽ മാത്രമേ ഇന്ത്യക്ക് ഭാവിയുള്ളൂ.

ശിഹാബ് തങ്ങളെ സംബന്ധിച്ചിടത്തോളം മറ്റുള്ള കൂട്ടരുമായി സൗഹാർദം കാംക്ഷിച്ച ആളാണ്. കേരളത്തിന്റെ വിജയകരമായ മത ബഹുസ്വരതക്ക് അതൊരു വലിയ കൈമുതലാണ്. ദുഷിച്ചുപോയ രാഷ്ട്രീയ്ത്തിൽ നിന്നും വർഗീയ സ്പർധകളിൽ നിന്നും വിമുക്തമായി ഉന്നതമായ ധാർമിക ബോധം പുലർത്തുന്നതാണ്, സയ്യിദ് ശിഹാബ് തങ്ങൾക്ക് മഹനീയ സ്ഥാനങ്ങൾ ലഭിക്കുവാൻ കാരണം. ഇന്ത്യയുടെ താത്പര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന നല്ലൊരു നേതാവാണ് അദ്ദേഹം. ഞാൻ അദ്ദേഹത്തിന് അർപ്പിക്കുന്ന അഞ്ജലിയാണിത്.



സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ കാന്തപുരത്തോടൊപ്പം